**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** **31-08-2022 - ൽ മറുപടിയ്ക്ക്**

**പച്ച തേങ്ങ സംഭരണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേരത്തിന്റെ വിലയിടിവ് മൂലം കഷ്ടത അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചതേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32/- രൂപയായി നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങാ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തി പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുള്ളത്.<br><br>കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ്.<br><br>നിലവിൽ 5384 കർഷകരിൽ നിന്നും 2396 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും, 5,88,18,513 രൂപ നാളികേരത്തിന്റെ വിലയായി കർഷകരുടെ അക്കൗണ്ടിൽ നൽകിയിട്ടുമുണ്ട്. |
| (ബി) | സംസ്ഥാനത്ത് കർഷകരിൽ നിന്ന് പച്ച തേങ്ങ സംഭരിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, |

| | | | |
|---|---|---|---|
| | വിശദാംശം അറിയിക്കാമോ; | | കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നീ 4 കേന്ദ്രങ്ങളിലൂടെ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്.<br><br>പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK യുടെ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിച്ചു വരുന്നത് .<br><br>കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി, ബെഡഡ്ക്ക കർഷക സർവീസ് ബാങ്ക്, കോഴിക്കോട് ജില്ലയിലെ ഏറാമല എസ്.സി ബി. പേരാമ്പ്ര വനിതാ സഹകരണ സംഘം, വടകര താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, കണ്ണൂർ ജില്ലയിലെ_ചിറ്റാരിപ്പറമ്പ് സർവീസ് സഹകരണ ബാങ്ക്, കോളാരി സർവീസ് സഹകരണ ബാങ്ക്, മൊകേരി സർവീസ് സഹകരണ ബാങ്ക്, ചെറുതാഴം സർവീസ് സഹകരണ ബാങ്ക് എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു.<br><br>മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക്, മംഗലം കേര കർഷക ഫെഡറേഷൻ, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാവറട്ടി കാർഷിക കർമ്മസേന, തൃശ്ശൂർ ജില്ലാ കേര സംഭരണ സംസ്കരണ വിപണന സഹകരണ സംഘം, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊയിലാണ്ടി താലൂക്ക് അഗ്രി കോ -ഓപ്പറേറ്റീവ് സൊസൈറ്റി, പേരാമ്പ്ര , വടകര മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി, ചാത്തൻകോട്ടുനട അഗ്രിക്കൾച്ചറിസ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര കോഓപ്പറേറ്റീവ് റൂറൽ ബാങ്ക് |

| | | | |
|---|---|---|---|
| | | | എന്നി കേന്ദ്രങ്ങളിൽ നിന്നും കേരഫെഡ് പച്ചത്തേങ്ങ സംഭരണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അത്തരം കേന്ദ്രങ്ങൾ വഴി കർഷകരിൽ നിന്ന് എത്ര ടൺ പച്ച തേങ്ങ സംഭരിച്ചിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ? | (സി) | സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം 2396 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു .<br><br>കൊല്ലം- 75.49 മെട്രിക് ടൺ<br><br>തൃശ്ശൂർ- 74.208 മെട്രിക് ടൺ<br><br>പാലക്കാട്-636.35 മെട്രിക് ടൺ<br><br>മലപ്പുറം-728.119 മെട്രിക് ടൺ<br><br>കോഴിക്കോട്832.87 മെട്രിക് ടൺ<br><br>കണ്ണൂർ-5.876 മെട്രിക് ടൺ<br><br>കാസർഗോഡ്-43.371 മെട്രിക് ടൺ<br><br>ആകെ - **2396.284** |

സെക്ഷൻ ഓഫീസർ